**പള്ളിക്കൂദാശാക്കാലം ഒന്നാം ഞായർ**

**മത്താ 16:13-19**

**വിശ്വാസത്തിലൂടെ വിശുദ്ധി പ്രാപിക്കുക**

**റവ. ഫാ. ജെ. ആക്കനത്ത് എംസിബിഎസ്**

ഈശോ തന്റെ ശിഷ്യന്മാരെ വിശ്വാസത്തിൽ ഉറപ്പിക്കാൻ പലപ്പോഴും അവരോട് പല കാര്യങ്ങളും പറഞ്ഞുകൊടുക്കുന്നതായി സുവിശേഷത്തിൽ നമ്മൾ കാണുന്നുണ്ട്. ചില സമയത്ത് അല്പം കാർക്കശ്യത്തോടെ അവൻ അവരോട് ചോദിക്കുന്നുണ്ട്; നിങ്ങളുടെ വിശ്വാസം എവിടെ? നിങ്ങളും വിശ്വാസമില്ലാത്തവരാണോയെന്ന്. നിങ്ങളുടെ വിശ്വാസക്കുറവാണ് നിങ്ങൾക്ക് പിശാചിനെ ബഹിഷ്ക്കരിക്കാൻ കഴിയാതെ പോയതെന്നും അവിടുന്ന് പറയുന്നുണ്ട്. ഇവിടെയൊക്കെ ശിഷ്യന്മാർക്ക് അവരുടെ വിശ്വാസക്കുറവിനെക്കുറിച്ച് ബോധ്യമുണ്ടായിട്ടുണ്ടാവാം. എന്നാൽ, ഇവിടെ ഞാൻ ആരെന്നാണ് നിങ്ങൾ പറയുന്നതെന്ന യേശുവിന്റെ അടിസ്ഥാനപരമായ ചോദ്യത്തിനു മുമ്പിൽ പത്രോസ് കുറവുകളൊക്കെ പരിഹരിച്ച് ധൈര്യപൂർവം പറയുകയാണ്: "നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണ്." ഈശോ ഉടൻ തന്നെ മറുപടിയായി പറയുന്നുണ്ട്: "നീ ഭാഗ്യവാൻ! മാംസരക്തങ്ങളല്ല, സ്വർഗസ്ഥനായ എന്റെ പിതാവാണ് നിനക്ക് ഇത് വെളിപ്പെടുത്തിത്തന്നത്. യഥാർത്ഥമായ ദൈവവിശ്വാസത്തിൽ നിലനിൽക്കാനും ആ വിശ്വാസം ഏറ്റുപറയാനും ഒരുവനെ ശക്തനാക്കുന്നത് ദൈവം തന്നെയാണ്.

'വിശ്വാസം' എന്നത് യഥാർത്ഥത്തിൽ ഒരു ദാനമാണ് - വിശിഷ്ടമായ ദൈവദാനം. ആ ദാനം ഒരു വരമായി മാറാൻ നാം പരിശ്രമിക്കണം. 'ഈശോയെ' കർത്താവും രക്ഷകനുമായി ഏറ്റുപറയുന്നവൻ രക്ഷ പ്രാപിക്കുമെന്ന് വിശുദ്ധ പൗലോസ് ശ്ലീഹാ പഠിപ്പിക്കുന്നുണ്ടല്ലോ. തോമാശ്ലീഹായുടെ വിശ്വാസപ്രഖ്യാപനത്തിന്റെ ആഴം നമ്മൾ കാണുന്നു, "എന്റെ കർത്താവേ എന്റെ ദൈവമേ" എന്നുള്ള ഏറ്റുപറച്ചിലിൽ. ഇപ്രകാരമുള്ള ശക്തമായ ഒരു വിശ്വാസപാരമ്പര്യവും പൈതൃകവുമാണ് നമുക്കുള്ളത്. അതുകൊണ്ട് വിശ്വാസത്തിലൂടെ വിശുദ്ധിയിലേക്ക് എന്നതായിരിക്കണം നമ്മുടെ ആപ്തവാക്യം. ക്രിസ്തുവിനെ അനുഗമിച്ച് അവന്റെ തിരുഹിതം നിറവേറ്റി, അവനിൽ ഒന്നായവരാണല്ലോ വിശുദ്ധർ. വിശ്വസിക്കുക, മാനസാന്തരപ്പെടുക, വീണ്ടും ജനിക്കുക എന്നീ ആഹ്വാനങ്ങളൊന്നും ചിലർക്കു മാത്രമായി നല്കപ്പെട്ടതല്ല; മറിച്ച് എല്ലാവർക്കും വേണ്ടിയുള്ളതാണ്. "വിശുദ്ധി ചിലരുടെ മാത്രം (കുത്തക) അവകാശമല്ല," എന്ന മാർപാപ്പായുടെ വാക്കുകളും ഇവിടെ സ്മരണീയമാണ്. അത്, എല്ലാ ക്രൈസ്തവരുടെയും ജന്മാവകാശമാണ്.

ഇന്നത്തെ സുവിശേഷത്തിലേക്കു വരുമ്പോൾ, ക്രിസ്തു ജീവനുള്ള ദൈവത്തിന്റെ പുത്രനാണെന്ന് അറിയുകയും വിശ്വസിക്കുകയും ഏറ്റുപറയുകയും വിചാരത്തിലും വാക്കിലും പ്രവൃത്തിയിലും അതു നടപ്പാക്കുകയും ജീവിതംകൊണ്ട് അതിന് സാക്ഷ്യം വഹിക്കുകയും ചെയ്യുന്നവന് ക്രിസ്തു സ്വർഗത്തിന്റെ താക്കോൽ നല്കുന്നു. അതിനർത്ഥം അവർക്കിനി സ്വർഗം തുറന്ന് അകത്തു കയറാം. അങ്ങനെ സ്വർഗത്തിൽ കയറിയവരല്ലേ വിശുദ്ധർ? ക്രിസ്തുവിനെ അറിഞ്ഞ്, വിശ്വസിച്ച് ഏറ്റുപറഞ്ഞ് അവന്റെ വഴിയേ അനുഗമിക്കുകയെന്നുള്ളതാണ് വിശുദ്ധിയിലേക്കുള്ള മാർഗം. നാമെല്ലാം ആ 'മാർഗ'വാസികളാണ്.

'ഞാനാരാണ്' എന്ന ചോദ്യത്തിന് പല ഉത്തരങ്ങളുണ്ടായി. കൃത്യമായ ഉത്തരത്തിനാണ് സമ്മാനം. കണക്കിലെപ്പോലെ ശരിയുത്തരത്തിനടുത്തു വരുന്ന ഉത്തരങ്ങൾ ശരിയുത്തരങ്ങളല്ല.

ഉദാഹരണത്തിന്, 100 ശരിയുത്തരമാണെങ്കിൽ 99–ഉം 101–ഉം ശരിയുത്തരത്തിന്റെ അടുത്തുവരുന്നുണ്ടെങ്കിലും ശരിയുത്തരമല്ല. 'ഞാനാര്' എന്ന ചോദ്യത്തിന് ജനം പറഞ്ഞ ഉത്തരങ്ങൾ, അടുത്തു വരുന്നുണ്ടെങ്കിലും, ശരിയുത്തരമായില്ല. പത്രോസാണിവിടെ ശരിയുത്തരം പറഞ്ഞത്. പക്ഷേ, അത് പത്രോസെന്ന മനുഷ്യനിൽ (മാംസരക്തങ്ങൾ) നിന്നും വന്നതല്ല, ദൈവം (പിതാവ്) വെളിപ്പെടുത്തിക്കൊടുത്തതാണെന്നായിരുന്നു ക്രിസ്തുവിന്റെ അഭിപ്രായം. നിരവധി ചിന്തിക്കുഴപ്പങ്ങളും തെറ്റിദ്ധാരണകുളും അസ്വസ്ഥതകളും അനിശ്ചിതത്വവും നിറഞ്ഞു നിൽക്കുന്ന ഈ കാലയളവിൽ സത്യമായത് അറിഞ്ഞ് അതിൽ നിലനിൽക്കാൻ ശിഷ്യന്മാരെപ്പോലെ നമുക്കും വിനയത്തോടെ പ്രാർത്ഥിക്കാം: ''ഞങ്ങളുടെ വിശ്വാസം വർദ്ധിപ്പിക്കണമേ'' എന്ന്.